# പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5583 25.10.2011-ൽ മറുപടിയ്ക്ക്

## കെ.ടി.ഡി.സി. യെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>,, കെ. ശിവദാസൻ നായർ<br>,, എം. എ. വാഹീദ്<br>,, പാലോട് രവി | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കെ.ടി.ഡി.സി.- യെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടു വരുന്നത് ; | (എ) കെ.ടി.ഡി.സിയെ ശക്തിപ്പെടുത്തുന്നതിന് കൈക്കൊണ്ടുവരുന്ന പ്രധാനപ്പെട്ട നടപടികൾ താഴെ പറയുന്നവയാണ്.<br>1. കെ.ടി.ഡി.സി.യുടെ കീഴിൽ പുതിയ യൂണിറ്റുകൾ തുടങ്ങുവാൻ വേണ്ടി ഫണ്ട് അനുവദിച്ചു നൽകിവരുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം (2011-12) ഇപ്രകാരം 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കോഴിക്കോട്ടും ആലപ്പുഴയിലും പുതിയ ഹോട്ടലുകൾ നിർമ്മിക്കുന്നതിനു വേണ്ടിയാണ്.<br>2. പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിനോടൊപ്പം നിലവിലുള്ള യൂണിറ്റുകൾ വികസിപ്പിക്കുന്നതിനും പുനരുദ്ധാരണ / അറ്റകുറ്റപണികൾ നടത്തുന്നതിനും മുൻഗണന നൽകുന്നുണ്ട്. പഴയ യാത്രി നിവാസുകൾ എല്ലാം പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി മെച്ചപ്പെട്ട സൗകര്യങ്ങളോടെ ടാമറിന്റ് ബ്രാൻഡിലേയ്ക്ക് ഉയർത്തികൊണ്ടു വന്നിട്ടുണ്ട്. അടുത്ത കാലത്തായി മൂന്നാർ ടീകൗണ്ടി ഹോട്ടലിൽ 24 മുറികൾ കൂടി പുതുതായി പണികഴിപ്പിച്ചിട്ടുണ്ടു്. കൊച്ചി ബോൾഗാട്ടിയിലും പുതുതായി |

മുറികൾ പണികഴിപ്പിച്ചിട്ടുണ്ട്. ഹോട്ടൽ ചൈത്രം (തിരുവനന്തപുരം), ഹോട്ടൽ സമുദ്ര (കോവളം) എന്നിവിടങ്ങളിലും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

3. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം ഭരണ പരമായ കാര്യങ്ങളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിവിധ മേഖലയിൽ തുടർച്ചയായി പരിശീലനം നൽകി വരുന്നുണ്ട്. യൂണിറ്റുകളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തുകയും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരാറുമുണ്ട്. യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ യൂണിറ്റുകളും ഹെഡ്ഡ് ആഫീസും തമ്മിൽ വർഷം തോറും ഒരു Memorandum of understanding-ൽ ഏർപ്പെടുന്ന സമ്പ്രദായം നിലവിൽ ഉണ്ട്. ഓരോ 3 മാസം കൂടുമ്പോഴും ഇപ്രകാരം നിശ്ചയിച്ചിരുന്ന പ്രവർത്തന ലക്ഷ്യങ്ങൾ വിലയിരുത്താറുണ്ട്. ഈ സമ്പ്രദായം ഏർപ്പെടുത്തിയതിനു ശേഷം പ്രവർത്തന ലാഭത്തിലും മറ്റും ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. കെ.ടി.ഡി.സി.യുടെ കീഴിലുള്ള എല്ലാ യൂണിറ്റുകളേയും ലാഭ കേന്ദ്രങ്ങളായി കണക്കാക്കി എല്ലാ യൂണിറ്റുകളും ലാഭത്തിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇപ്പോൾ പ്രവർത്തിക്കു ന്നത്.

(ബി) വിനോദ സഞ്ചാര വികസനത്തിന് ആവശ്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയത് ;

(ബി) വിനോദ സഞ്ചാര വികസനത്തിന് ആവശ്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി കെ.ടി.ഡി.സി. ടൂറിസം സാദ്ധ്യതയുള്ള കേന്ദ്രങ്ങളിൽ പുതിയ യൂണിറ്റുകൾ തുടങ്ങുകയും നിലവിലുള്ളവയിലെ

സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യാറുണ്ട്. കാസർഗോഡ് ബേക്കൽ കേന്ദ്രമാക്കിയും കണ്ണൂർ മുഴിപ്പിലങ്ങാട് കേന്ദ്രമാക്കിയും റിസോർട്ടുകൾ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. കോഴിക്കോട്ടും ആലപ്പുഴയിലും പുതിയ ഹോട്ടലുകൾ തുടങ്ങാനുള്ള പദ്ധതികളും കെ.ടി.ഡി.സി. ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിനകത്തും പുറത്തും ഉള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് പുതിയ പദ്ധതികൾക്ക് രൂപം നൽകുമോ ?

(സി) കെ.ടി.ഡി.സി.യുടെ കീഴിൽ സംസ്ഥാനത്തുള്ള യൂണിറ്റുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ തുടർച്ചയായി നടന്നു വരുന്നുണ്ട്. സംസ്ഥാനത്തിനു പുറത്ത് കെ.ടി.ഡി.സി.യ്ക്ക് ചെന്നൈയിൽ മാത്രമെ ഹോട്ടൽ ഉള്ളു. ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ